ഭരണഭാഷ - മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/158/2026-D6 (PB)** തീയതി:**22-09-2026**

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യഭ്യാസ ഡയറക്ടറേറ്റ് - കേന്ദ്രാവിഷ്കൃത പദ്ധതിയായ **MHRD - Upgradation of Polytechnics** എന്ന സ്കീമിന്റെ ഭാഗമായി ഈ കാര്യാലയത്തിന് കീഴിലുള്ള വിവിധ സർക്കാർ പോളിടെക്‌നിക് കോളേജുകളിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് - സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസലുകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- **1.G.O.(Rt) No. 374/2026/HEDN dtd : 13.03.2026.**
**2.18/09/2026** തീയതിയിലെ ശ്രീമതി. അനി അബ്രഹാം, സീനിയർ ജോയിന്റ് ഡയറക്ടർ **(PS)** നൽകിയ സമർപ്പണം.

സൂചന (1) ബഹു സർക്കാർ ഉത്തരവ് പ്രകാരം, കേന്ദ്രാവിഷ്കൃത പദ്ധതിയായ **MHRD - Upgradation of Polytechnics**-ന്റെ ഭാഗമായി ഈ കാര്യാലയത്തിന് കീഴിലുള്ള 22 സർക്കാർ പോളിടെക്‌നിക് കോളേജുകളിലേക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ, നിലവിൽ കമ്പ്യൂട്ടറുകളുടെയും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെയും വിലയിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുള്ളതിനാൽ, സൂചന (1) പ്രകാരം അനുവദിച്ചിട്ടുള്ള തുകയ്ക്കുള്ളിൽ നിശ്ചയിച്ചിട്ടുള്ള മുഴുവൻ എണ്ണം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് പ്രായോഗികമല്ലെന്ന് സ്ഥാപന മേധാവികൾ അറിയിച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ, വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, **സൂചന (1) പ്രകാരം അനുവദിച്ചിട്ടുള്ള ഭരണാനുമതി തുകയ്ക്കുള്ളിൽ പരിമിതപ്പെടുത്തി, ആവശ്യമായ ഉപകരണങ്ങളുടെ എണ്ണം പുനഃക്രമീകരിച്ച്, അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത വിധം പർച്ചേസ് നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എല്ലാ സർക്കാർ പോളിടെക്‌നിക് കോളേജ് പ്രിൻസിപ്പൽമാർക്കും നിർദ്ദേശം നൽകുന്നു.**

ഭരണാനുമതി ലഭിച്ചിട്ടുള്ള തുകയിൽ അധികമായി യാതൊരു ബാധ്യതയും സൃഷ്ടിക്കാതെയും, നിലവിലുള്ള സർക്കാർ ഉത്തരവുകൾ, സാമ്പത്തിക ചട്ടങ്ങൾ,

പർച്ചേസ് നടപടിക്രമങ്ങൾ എന്നിവ കർശനമായി പാലിച്ചും നടപടികൾ സ്വീകരിക്കേണ്ടതാണ്.

പർച്ചേസ് നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച്, സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്.

Digitally signed by
Jayaprakash P
Date: 22-09-2026
16:05:49

**Dr JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്:

1. ബന്ധപ്പെട്ട സർക്കാർ പൊളിടെക്നിക് കോളേജ് പ്രിൻസിപ്പൽമാർ (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.